8. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലിസ്റ്റോറുകളില്ലാത്ത 45 പഞ്ചായത്തുകളിൽക്കൂടി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

9. പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഏകദേശം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

വിപണിയിടപെടലിനായി ചെലവഴിച്ച തുക

190 (5275) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 വർഷത്തെ റംസാൻ-ഓണം ഉൽസവ കാലയളവിൽ വിലക്കയറ്റം നിയന്ത്രിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ വിപണിയിടപെടലിനായി എത്രതുക നീക്കിവച്ചെന്നും എത്രതുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലുടനീളം 64 റംസാൻ ഫെയറുകൾ സംഘടിപ്പിച്ച് റംസാൻ കാലത്ത് ആവശ്യമായ നെയ്യ്, ബിരിയാണി അരി തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കളും റംസാൻ ഫെയറുകൾവഴി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിരുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ഉത്സവകാലത്ത് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ പൊതു വിപണി വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായും ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സപ്ലൈകോ വിപുലമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഓണം മെട്രോഫെയറുകൾ 10-8-2015 മുതൽ പ്രവർത്തിച്ചുതുടങ്ങുന്നതാണ്. കൂടാതെ ജില്ലാതല ഓണം ഫെയറുകൾ, എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആരംഭിക്കുന്ന ഓണം മാർക്കറ്റുകൾ/സ്പെഷ്യൽ ഫെയറുകൾ തുടങ്ങിയവയിലൂടെയും സപ്ലൈകോ മിനി ഫെയറുകൾവഴിയും പൊതുജനങ്ങൾക്ക് ആവശ്യമായ പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ന്യായവിലയ്ക്ക് സപ്ലൈകോ ലഭ്യമാക്കുന്നതാണ്.

(ബി) സപ്ലൈകോയ്ക്ക് ഓണക്കാലത്ത് വിപണിയിടപെടലിനായി 50 കോടിരൂപ അനുവദിച്ചിട്ടുള്ളത് കൂടാതെ 14 കോടിരൂപകൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ

191 (5276) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാചകവാതക വിതരണം കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്താക്കൾക്ക് കൃത്യസമയത്ത് എത്തിക്കുന്നതിനും വ്യക്തമായ നയം രൂപീകരിക്കുമോ ;

(സി) ഏജൻസികളും ഗുണഭോക്താക്കളും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാചക വാതക വിതരണവും നീക്കവും പാചക വാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സഹിതം വിശദമായ ശിപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 'പഹൽ' സ്കീം നടപ്പിലായതോടുകൂടി സിലിണ്ടറുകൾ ഉപഭോക്താവിനു തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്നുണ്ടെന്നും പാചകവാതകം യഥാസമയത്ത് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly